ക്നാനായ വോയ്സ്
VOICE OF THE KNANAYA PEOPLE AROUND THE WORLD
www.knanayavoice.com
ESTD: 2008
18 മാർച്ച് 2012
ഞായർ
ലക്കം 1 ■ പുസ്തകം 6

# ഏറ്റുമാനൂർ മുൻ എം.എൽ.എ. ഇ.ജെ.ലൂക്കോസ് ഓർമ്മയായി

ഉഴവൂർ: മുൻ എം.എൽ.എയും, ക്നാനായ കത്തോലിക്ക കോൺഗ്രസ് മുൻ പ്രസിഡന്റും, ക്നാനായ സമുദായ നേതാവുമായ ഇ.ജെ.ലൂക്കോസ് (78) അന്തരിച്ചു. മാർച്ച് 12 തിങ്കളാഴ്ച രാവിലെ പതിനൊന്നരയോടെ മോനിപ്പള്ളി എം.യു.എം ആശുപത്രിയിൽ വച്ചാണ് അന്ത്യമുണ്ടായത്. ഏതാനും മാസങ്ങളായി രോഗബാധിതനായിരുന്നു. എറണാകുളം ലൂർദ് ആശുപത്രിയിലെ ചികിത്സയിലായിരുന്ന ലൂക്കോസ് സാറിനെ ഉഴവൂരിലെ വീട്ടിൽ നിന്ന് ഞായറാഴ്ച വൈകുന്നേരം ഏഴുമണിയോടെയാണ് മോനിപ്പള്ളി ആശുപത്രിയിൽ കൊണ്ടുവന്നത്. ശ്വാസതടസവും, കടുത്ത ക്ഷീണവും അനുഭവപ്പെട്ടതിനെ തുടർന്നാണ് ചികിത്സ തേടിയത്. രോഗാവസ്ഥ അൽപം ഗുരുതരമായതു കൊണ്ട് ആശുപത്രിയിൽ ഉടൻ അഡ്മിറ്റ് ചെയ്തു. ശ്വാസതടസം കൂടുതലായതിനെ തുടർന്ന് അവസ്ഥ മോശമാവുകയായിരുന്നു. തുടർന്ന് സ്ഥിതി തീർത്തും വഷളാവുകയും അന്ത്യം സംഭവിക്കുകയുമായിരുന്നു. സംസ്കാരം വ്യാഴാഴ്ച 10ന് ഉഴവൂർ സെൻറ് സ്റ്റീഫൻ പള്ളി സെമിത്തേരിയിൽ ഔദ്യോഗിക ബഹുമതികളോടെ നടത്തി.

ഭാര്യ ലീലാമ്മ കോട്ടയം നീലേട്ട് കുടുംബാംഗം. മക്കൾ: ലളിത്, സെനിത് (ഹൂസ്റ്റൺ), അനിത്, സ്റ്റീഫൻ (മോനിച്ചൻ ഹൂസ്റ്റൺ). മരുമക്കൾ: മാക്സ്വെൽ, ഷൈല ചക്കുങ്കൽ കരിങ്കുന്നം, ജയ്മോൻ പള്ളിത്തോട്ടത്തിൽ കൂടല്ലൂർ, ബിനു വെട്ടിക്കനാൽ എസ്.എച്ച്.മൗണ്ട് (ഹൂസ്റ്റൺ). സഹോദരങ്ങൾ: മങ്ക തെക്കേപറമ്പിൽ ഉഴവൂർ (ചിക്കാഗോ), മത്തച്ചൻ (ചിക്കാഗോ), ചിന്നമ്മ പുതുശ്ശേരിൽ (ചിക്കാഗോ), ഗ്രേസി കുര്യാക്കോസ് കുന്നപ്പള്ളിൽ മണക്കാട്, ശാന്ത വാളാശേരിൽ (ചിക്കാഗോ), സൈമൺ എള്ളിങ്കിയിൽ (ഹൂസ്റ്റൺ).

ജനിച്ചു വളർന്ന നാട്ടിൽ രാഷ്ട്രീയ പ്രവർത്തനവും സമുദായ പ്രവർത്തനവും ഒരു പോലെ കൊണ്ടുപോകുന്നതിൽ ലൂക്കോസാർ വിജയിച്ചിരുന്നു. രാഷ്ട്രീയത്തിൽ എല്ലാ വിഭാഗം ജനങ്ങളുടെയും ഒപ്പം നിൽക്കേണ്ടി വന്നപ്പോഴും സമുദായത്തിൻെറ വികസനത്തിനായി എന്നും മുൻപന്തിയിൽ ഉണ്ടായിരുന്നു. അതിൻെറ തെളിവാണ് ക്നാനായ കത്തോലിക്ക കോൺഗ്രസിൻെറ അതിരൂപത പ്രസിഡന്റായി രണ്ടു തവണ അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്.

1933 ജനുവരി 25 നായിരുന്നു ജനനം. ഒ.എൽ.എൽ പ്രിപ്പററ്ററി സ്കൂൾ, ഒ.എൽ.എൽ യു.പി.എസ്, പിറവം സെൻറ് ജോസഫ് ഹൈ



സ്കൂൾ എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. ചങ്ങനാശേരി എസ്.ബി കോളജിൽനിന്ന് ഇൻറർമീഡിയറ്റ് പൂർത്തിയാക്കി. കോഴിക്കോട് ഗവ. ട്രെയിനിങ് കോളജിൽനിന്ന് ബി.ടി പാസായി.

1955ൽ ഒ.എൽ.എൽ ഹൈസ്കൂളിൽ അധ്യാപകനായി ജോലിക്ക് ചേർന്ന ഇ.ജെ. ലൂക്കോസ് 1974ൽ ഹെഡ്മാസ്റ്ററായി. പിന്നീട് പയ്യാവൂർ എസ്.എച്ച്, കടുത്തുരുത്തി സെൻറ് മൈക്കിൾസ്, കരിങ്കുന്നം സെൻറ് അഗസ്റ്റിൻസ്, ഉഴവൂർ ഒ.എൽ.എൽ എച്ച്. എസ് എന്നിവിടങ്ങളിൽ ഹെഡ്മാസ്റ്ററായും പ്രവർത്തിച്ചിരുന്നു. 1989 ൽ ഉഴവൂരിൽ നിന്നാണ് റിട്ടയർ ചെയ്തത്. 1964ൽ ഉഴവൂർ പഞ്ചായത്ത് മെമ്പറായും വൈസ് പ്രസിഡൻറായും തെരഞ്ഞെടുക്കപ്പെട്ടു.

1979ൽ ഉഴവൂർ സഹകരണ ബാങ്ക് പ്രസിഡൻറായി. ഉഴവൂർ കോളജിൻെറയും ബി.സി.എം കോളജിൻെറയും ഗവേണിംഗ് ബോഡി അംഗമായിരുന്നു. ഓൾ ഇന്ത്യ കാത്തലിക് യൂണിയൻ കേരള റീജിയൻ പ്രസിഡൻറായിരുന്നു. എം.ജി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റംഗമായിരുന്നു.

കേരള കോൺഗ്രസിൻെറ കോട്ടയം ജില്ലാ പ്രസിഡൻറ് മുതൽ സംസ്ഥാന ജനറൽ സെക്രട്ടറി സ്ഥാനം വരെ വഹിച്ചിരുന്നു. 1980ൽ യു.ഡി.എഫ് സ്ഥാനാർഥിയായി കടുത്തുരുത്തി മണ്ഡലത്തിൽ മത്സരിച്ചെങ്കിലും നേരിയ വോട്ടിന് പരാജയപ്പെട്ടു. 82-ൽ ഏറ്റുമാനൂർ മണ്ഡലത്തിൽനിന്ന് കേരള കോൺഗ്രസ് സ്ഥാനാർഥിയായി വിജയിച്ചു. കെ.ആർ നാരായണൻ ഫൗണ്ടേഷൻ പ്രസിഡൻറുമായിരുന്നു അക്കരക്കാരൻ അവാർഡ്, ക്നാനായ പ്രതിഭ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്

# ലൂക്കോസ് സാറിന്റെ വേർപാട്: ക്നാനായ സമുദായത്തിന് തീരാനഷ്ടം

കോട്ടയം: മുൻ.എം.എൽ.എയും ക്നാനായ കത്തോലിക്ക കോൺഗ്രസിൻെറ മുൻ പ്രസിഡൻറുമായിരുന്ന ഇ.ജെ ലൂക്കോസിൻെറ നിര്യാണം സമുദായത്തിനും നാടിനും തീരാനഷ്ടമാണ് സൃഷ്ടിച്ചിരിക്കുന്നത്. മികച്ച അധ്യാപകൻ, രാഷ്ട്രീയ പ്രവർത്തകൻ, സമുദായ സ്നേഹി, സഹകാരി എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. സമുദായ സ്നേഹി എന്നതിന് ക്നാനായക്കാർ ഇ.ജെ ലൂക്കോസിനോട് എന്നും കടപ്പെട്ടിരിക്കുന്നു. പൂർവികർ വന്നിറങ്ങിയ കൊടുങ്ങല്ലൂരിൽ സ്മാരകം വേണമെന്ന ആവശ്യം യാഥാർത്ഥ്യമാക്കുവാൻ ഇ.ജെ ലൂക്കോസിൻെറ നേതൃത്വത്തിലുള്ള കമ്മറ്റിയുടെ പ്രവർത്തനം ശ്ലാഘനീയമാണ്.

സ്മാരകം വേണമെന്ന ആശയം മുന്നോട്ടുവച്ചത് ഇ.ജെ ലൂക്കോസാണ്. ഇതിനായി കോട്ടപ്പുറം രൂപതാധികൃതരുമായി സംസാരിക്കുകയും സ്ഥലം ലഭ്യമാക്കുകയും ചെയ്തു. സ്മാരകം സമയ ബന്ധിതമായി പൂർത്തിയാക്കുകയും ചെയ്തു. സമുദായത്തിലെ വരും തലമുറക്കായി ചൂണ്ടികാണിക്കാൻ നമുക്ക് ഈ സ്മാരകം വളരെ ഉപകാരമായി. നിരവധി പേർ ക്നായി തോമാ ഭവനിലേക്ക് ഇപ്പോൾ തീർഥയാത്ര നടത്തുന്നുണ്ട്.

സമുദായ സ്നേഹത്തിനൊപ്പം നാടിൻെറ പൊതുവായ വളർച്ചക്ക് അദ്ദേഹം നൽകിയ സംഭാവനയ്ക്ക് വലിയ തെളിവാണ് എം.ജി യൂണിവേഴ്സിറ്റി. ഏറ്റുമാനൂർ എം.എൽ.എ ആയിരുന്നപ്പോഴാണ് യൂണിവേഴ്സിറ്റി അതിരമ്പുഴയിലേക്ക് വരുന്നത്. ഇ.ജെ ലൂക്കോസിൻെറ ആവശ്യത്തിനു മുന്നിൽ അന്നത്തെ യു.ഡി.എഫ് സർക്കാർ വഴങ്ങുകയായിരുന്നു. ആവശ്യമായ സ്ഥലം കണ്ടെത്തി നൽകുവാനും ലൂക്കോസാറിന് കഴിഞ്ഞു. എന്നാൽ യൂണിവേഴ്സിറ്റി അദ്ദേഹത്തിന് അർഹിച്ച പരിഗണന നൽകിയിട്ടുണ്ടോ എന്ന് സംശയമാണ്.

അധ്യാപകൻ എന്ന നിലയിൽ മികച്ച സംഭാവനകളാണ് നൽകിയിരിക്കുന്നത്. രാഷ്ട്രീയ പ്രവർത്തനവും അധ്യാപക വൃത്തിയും പരാതിക്കിടം നൽകാതെ മുന്നോട്ടു കൊണ്ടുപോകാൻ ലൂക്കോസാറിന് കഴിഞ്ഞു. കോട്ടയം മെഡിക്കൽ കോളജ് വികസനം, ഏറ്റുമാനൂർ കെ.എസ്.ആർ.ടി.സി വികസനം, കുമാരനല്ലൂർ ഫുഡ് ക്രാഫ്റ്റ് വികസനം, അയ്മനം പുത്തൻ തോട് വികസനം, ഏറ്റുമാനൂർ പ്രൈവറ്റ് സ്റ്റാൻഡ്, പട്ടർമഠം പദ്ധതി, കുമാരനല്ലൂർ പ്രീ പ്രൈമറി സ്കൂൾ എന്നിവ ഇ.ജെ ലൂക്കോസിൻെറ പ്രധാന നേട്ടങ്ങളിൽ പെടുന്നു.

# ഇ.ജെ: ഏറ്റുമാനൂരിന്റെ വികസന നായകൻ



ഏറ്റുമാനൂർ നിയോജക മണ്ഡലത്തി ലെ വികസനത്തിന്റെ സുവർണ ഘട്ടമായിരുന്നു 1982-1987. ഒരിക്കൽ മാത്രം നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച ഇ.ജെ. ലൂക്കോസ് ഏറ്റുമാനൂരിൽ തുടക്കമിട്ടതും പൂർത്തിയാക്കിയതുമായി പദ്ധതിക ൾ ഏറെ. എം.ജി സർവകലാശാല യും പട്ടർമഠം ശുദ്ധജല പദ്ധതിയും കെഎസ്ആർടിസി ബസ് സ്റ്റാൻഡും അദ്ദേഹത്തിന്റെ കയ്യൊപ്പു വീണ സ്ഥാപനങ്ങൾ. 1983 ഒക്ടോബർ രണ്ടിന് അതിരമ്പുഴ കേന്ദ്രമായി മഹാത്മാഗാന്ധി സർവകലാശാല നിലവിൽ വരുമ്പോൾ മധ്യ തിരുവി താംകൂറിന്റെ ദീർഘകാല സ്വപ്ന മാണ് നിറവേറിയത്.

1984-ൽ ഏറ്റുമാനൂരിൽ കെഎസ് ആർടിസി സബ് ഡിപ്പോ എന്ന ല ക്ഷ്യത്തോടെ പലരിൽ നിന്നായി ഒന്ന ര ഏക്കർ സ്ഥലം ഏറ്റെടുത്തു കൈ മാറാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ സംഘടനാ ശേഷിക്കും ദീർഘവീ ക്ഷണത്തിനുമുള്ള തെളിവ്. 1983ലെ കടുത്ത വേനലിന്റെ പാഠമുൾ ക്കൊണ്ട് ഇ.ജെ. വിഭാവനം ചെയ്ത താണ് പൂർണമായും കേന്ദ്ര സഹാ യത്തോടെ പൂർത്തിയായി വരുന്ന ഏറ്റുമാനൂർ ശുദ്ധ ജല പദ്ധതി (പട്ടർ മഠം പദ്ധതി). 1983 ഒക്ടോബറിൽ പട്ടർമഠം പാലത്തിനു സമീപം തറ ക്കല്ലിട്ട പദ്ധതി തുടങ്ങാൻ ഏറെ ക്കാലം കാത്തിരിക്കേണ്ടി വന്നു.

എംഎൽഎ സ്ഥാനമൊഴിഞ്ഞി ട്ടും അദ്ദേഹം പട്ടർമഠം പദ്ധതി കൈ വിട്ടു പോകാതിരിക്കാൻ ഓഫിസു കളും മന്ത്രി മന്ദിരങ്ങളും കയറിയി റങ്ങി. പദ്ധതി തുടങ്ങുന്നതു വരെ ഇജെ ഓരോ വർഷവും പട്ടർമഠ ത്തേക്ക് റീത്തുമായി പ്രതിഷേധ ജാഥ നടത്തിയത് ഇന്നും നാട്ടുകാർ മറന്നിട്ടില്ല. ഏറ്റുമാനൂർ, കടുത്തുരു ത്തി നിയോജക മണ്ഡലങ്ങളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ പര്യാപ്തമായ ഈ പദ്ധതി ഇപ്പോൾ അവസാന ഘട്ടത്തിലാണ്.

മാസങ്ങൾക്കകം പദ്ധതി കമ്മീഷ ൻ ചെയ്യുമ്പോൾ ഇജെ കൂടെ യില്ലാ ത്തത് ഏറ്റുമാനൂരിനു വേദനയാകും. ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കിയ വെള്ളൂപ്പറമ്പ് ശുദ്ധ ജല പദ്ധതി, വെള്ളൂപ്പറമ്പ് പാലം, അയ്മനം പുത്തൻതോട് ബ്രിഡ്ജ്, പന മ്പാലം കോസ്മെറ്റോളജി ഇൻസ്റ്റി റ്റ്യൂട്ട്, മെഡിക്കൽ കോളജ് വികസ നം, കുമാരനല്ലൂരിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, മോഡൽ പ്രൈമറി സ്കൂൾ, ഏറ്റുമാനൂർ ബോയ്സ് ഹൈസ്കൂളിനോടനുബന്ധിച്ചു കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ ഇജെ യുടെ കാലത്തെ സുവർണ നേട്ടങ്ങളാണ്.

എംസി റോഡിൽ നിന്ന് എംജി സർവകലാശാലയിലേക്കൊരു കവാടം ഇജെ യുടെ സ്വപ്ന പദ്ധതി കളിലൊന്നായിരുന്നു. പാറോലി ക്കൽ നിന്ന് സർവകലാ ശാലയിലേ യ്ക്ക് ഒരു കിലോമീറ്റർ റോഡിന്റെ രൂപരേഖ തയാറാക്കി അദ്ദേഹം അധി കൃതർക്കു സമർപ്പിച്ചിരുന്നു. എംസി റോഡിൽ നിന്നു സർവകലാശാല യിലേയ്ക്കുള്ള ഈ കവാടത്തിന്റെ ഉത്തരവാദിത്തം പിൻമുറക്കാർക്കു വിട്ടുകൊണ്ടാണദ്ദേഹം കടന്നു പോകുന്നത്.

# ഇ.ജെ.ലൂക്കോസിന്റെ നിര്യാണത്തിൽ അനുശോചനപ്രവാഹം.



അന്തരിച്ച മുൻ എം.എൽ.എ. ഇ.ജെ. ലൂക്കോസിന്റെ സംസ്കാര ചടങ്ങിൽ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അന്ത്യോപചാരം അർപ്പിക്കുന്നു. കടുത്തുരുത്തി എം.എൽ.എ. മോൻസ് ജോസഫ് സമീപം.

ഉഴവൂർ: മുൻ എം. എൽ. എ. യും ക്നാനായ കത്തോലിക്ക കോൺ ഗ്രസ് മുൻ പ്രസിഡന്റുമായ ഇ. ജെ. ലൂക്കോസിന്റെ ശവസംസ്കാരം വ്യാഴാഴ്ച ഔദ്യോഗിക ബഹുമതി കളോടെ നടന്നു.

പ്രിയനേതാവിന് അന്തിമോ പചാരം അർപ്പിക്കാൻ ബുധനാഴ്ച രാത്രി മുതൽ ഉഴവൂർ എള്ളങ്കീൽ വീട്ടിലേക്ക് ജനം എത്തി. പിറവം ഉപ തിരഞ്ഞെടുപ്പ് പ്രചാരണങ്ങളുടെ കൊട്ടിക്കലാശത്തിന്റെ തിരക്കി നിടയിലും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അടക്കമുള്ള നേതാക്കൾ ശവസം സ്കാരച്ചടങ്ങിൽ പങ്കെടുക്കാനെ ത്തി. ഉഴവൂർ സെന്റ് സ്റ്റീഫൻസ് ഫൊറോന പള്ളിയിൽ നടന്ന ശവ സംസ്കാരശുശ്രൂഷകളിൽ കോട്ട യം അതിരൂപതാ ബിഷപ്പ് മാർ. മാത്യു മൂലക്കാട്ട് മുഖ്യകാർമി കനായി.

മന്ത്രിമാരായ തിരുവഞ്ചൂർ രാധാ കൃഷ്ണൻ, പി. ജെ. ജോസഫ്, കെ. സി. ജോസഫ്, കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തല, ഇട തുമുന്നണി കൺവീനർ വൈക്കം വിശ്വൻ, മുൻ കേന്ദ്രമന്ത്രി പി. സി. തോമസ്, മുൻ മന്ത്രി ടി. യു. കുരു വിള, എം.എൽ.എ. മാരായ ജോസ ഫ് വാഴക്കൻ, മോൻസ് ജോസഫ്, കെ. സുരേഷ് കുറുപ്പ്, റോഷി അഗ സ്റ്റിൻ, മുൻ എം. പി. മാരായ വക്കച്ച ൻ മറ്റത്തിൽ, ഫ്രാൻസിസ് ജോർജ്, മുൻ എം.എൽ.എ. മാരായ ജോണി നെല്ലൂർ, തോമസ് ചാഴികാടൻ, സ്റ്റീഫ ൻ ജോർജ്, കേരള കോൺഗ്രസ്- എം സംസ്ഥാന ജനറൽ സെക്രട്ടറി കുളത്തൂർ കുഞ്ഞുകൃഷ്ണപിള്ള. കേരള കോൺഗ്രസ്-എം. ജില്ലാ പ്ര സിഡന്റ് ഇ. ജെ. ആഗസ്തി, ബ്ലോ ക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. എം. തോമസ്, ഗ്രാമപ്പഞ്ചായത്ത് പ്ര സിഡന്റുമാരായ പി. എൽ. അബ്രാ ഹം (ഉഴവൂർ), എം. എൻ. രാമകൃഷ് ണൻ നായർ (വെളിയന്നൂർ), ജില്ലാ പഞ്ചായത്തംഗങ്ങളായ അഡ്വ. ബി ജു പുന്നത്താനം, ജോസ് പുത്തൻ കാല, ബ്ലോക്ക് പഞ്ചായത്തംഗം പി. എം. മാത്യു, ബി.ഡി.ഒ. ആർ. ഹരി, ക്നാനായ കത്തോലിക്ക കോൺഗ്ര സ് പ്രസിഡന്റ് പ്രൊഫ.കെ.ജെ. ജോയി, പ്രൊഫ. എം.സി. മാത്യു, പ്രൊഫ. ബേബി കാനാട്ട്, ഗ്രാമപ്പഞ്ചാ യത്തംഗങ്ങളായ പ്രകാശ് വടക്കേൽ, പി.എൻ.രാമചന്ദ്രൻ, വിവിധ രാഷ്ട്രീ യ സാമൂഹിക സാംസ്കാരിക സം ഘടനാ നേതാക്കളായ ബിജു കൈപ്പാ റേടൻ, ഷെറി മാത്യു, സാജു കുഴി യടി, ഉഴവൂർ ബാലചന്ദ്രൻ, യു.എൻ. മണിക്കുട്ടൻ, വിനോദ് പുത്തൻ പുരയ്ക്കൽ, അനിൽ ആറുകാക്കൽ, സണ്ണി ആനാലിൽ, അബ്രാഹം പഴയ മ്പള്ളിൽ, അബ്രാഹം കാറത്താന ത്ത്, സന്തോഷ് ആറുകാക്കൽ, തോമ സ് കണ്ണന്തറ, മോൺ. ജേക്കബ് കോ ല്ലാപ്പറമ്പിൽ, ഫാ. ജോർജ്ജ് പുതുപ്പ റമ്പിൽ, ഫാ. ജേക്കബ് വെള്ളിയാൻ, അഡ്വ. സ്റ്റീഫൻ ചാഴികാടൻ, ജോ ൺ ജെ. തറപ്പേൽ, ഡോ. സി.ജെ. ജോസഫ്, മത്തായി മലയമുണ്ട യ്ക്കൽ, മോളി ലൂക്കാ, സന്തോഷ് പൊട്ടക്കനാൽ, എബ്രാഹം സിറി യക്ക്, പ്രസാദ് ചെമ്മല, സക്കറിയാ സ് കുതിരവേലി, ഉഴവൂർ വിജയൻ, സോമനാഥപിള്ള, തുളസി വിജയൻ, കോട്ടയം എ.ടി.എം. ടി.വി. സുഭാഷ്, ടോമി കന്നുംകുളമ്പിൽ തുടങ്ങിയ വർ അന്തിമോപചാരം അർപ്പിക്കാ നെത്തി.

ഇ. ജെ. ലൂക്കോസിനോടുള്ള ആദ രസൂചകമായി മർച്ചന്റ്സ് അസോ സിയേഷൻ വ്യാഴാഴ്ച രാവിലെ ഉഴ വൂർ ടൗണിലെ കടകളടച്ച് ഹർത്താ ലാചരിച്ചു.

# സെമിനാർ സംഘടിപ്പിച്ചു




രാജപുരം: സെന്റ് പയസ് ടെൻത് കോളേജ് യൂണിയന്റെ നേതൃത്വ ത്തിൽ ചോയ്സ് ബേയ്സ്ഡ് ക്രെഡി റ്റ് സെമസ്റ്റർ എന്ന വിഷയത്തെപ്പറ്റി സെമിനാർ സംഘടിപ്പിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റി പ്രൊ-വൈസ് ചാൻസിലർ ഡോ. എ. പി.കുട്ടികൃഷ് ണൻ സെമിനാർ ഉദ്ഘാടനം ചെയ്തു. സെമസ്റ്ററിനെ സംബന്ധിച്ച് വിദ്യാർത്ഥികളുടെ എല്ലാവിധ സംശയങ്ങൾക്കും അദ്ദേഹം മറുപടി നൽകി. കോളേജ് യൂണിയൻ ചെയർമാൻ അഖിൽ തോമസ് അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രിൻസിപ്പാൾ ഡോ. തോമസ് മാത്യു മുഖ്യപ്രഭാഷണം നടത്തി. കോളേജ് യൂണിയന്റെ പ്രവർത്തനങ്ങളെ അദ്ദേഹം പ്രശംസിച്ചു. യു.ജി.സി. സഹായത്തോടെ കോളേജിൽ ആരംഭിച്ച ഈക്വൽ ഓപ്പർച്ച്യൂണിറ്റി സെന്ററിന്റെ ഉദ്ഘാടനവും പ്രൊ വൈസ് ചാൻസിലർ നിർവ്വഹിച്ചു. യൂണിയൻ വൈസ് ചെയർപേ ഴ്സൺ അശ്വതിക്കുട്ടി സ്വാഗതവും സ്പോർട്സ് ക്യാപ്റ്റൻ ജിനോ ജോർജ്ജ് നന്ദിയും പറഞ്ഞു. റ്റെബി തോമസ്, വർഷ, മനു ജോൺ, ആതിര എന്നിവർ നേതൃത്വം നൽകി.

ക്നാനായ വോയ്സ്
എല്ലാ ഞായറാഴ്ചയും നിങ്ങളുടെ ഇ-മെയിലിൽ ലഭിക്കുവാൻ
news@knanayavoice.com എന്ന അഡ്രസ്സിൽ എഴുതുക.
പ്രസിദ്ധീകരണ യോഗ്യമായ വാർത്തകളും വിശേഷങ്ങളും
kvoicenews@gmail.com എന്ന അഡ്രസ്സിലേക്ക് അയച്ചു തരിക.

# കെ.സി.ഡബ്ല്യു.എ. പ്രവർത്തന ഉദ്ഘാടനവും വനിതാ ദിനാഘോഷവും നടത്തി



തെള്ളകം: ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ (കെ.സി.ഡബ്ല്യു.എ.) ന്റെ അതിരൂപതാതല പ്രവർത്തന ഉദ്ഘാടനവും വനിതാ ദിനാഘോഷവും ചൈതന്യ അഡിറ്റോറിയത്തിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു.

ചൈതന്യ ഡയറക്ടർ ഫാ. മൈക്കിൾ വെട്ടിക്കാട്ട് പതാക ഉയർത്തി. പൊതുസമ്മേളനത്തിൽ കെ.സി. ഡബ്ല്യു.എ. അതിരൂപതാ പ്രസിഡന്റ് ഡോ. ഷൈനി സ്റ്റീഫൻ തെക്കേഇലവുങ്കൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ സെക്രട്ടറി ബീനാ രാജു സ്വാഗതം ആശംസിച്ചു.

കോട്ടയം അതിരൂപതാ വികാരി ജനറാൾ ഫാ. മാത്യു ഇളപ്പാനിക്കൽ പ്രവർത്തന ഉദ്ഘാടനം നടത്തി. ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജ് അദ്ധ്യാപിക ഡോ. സി. ദീപ എസ്.ജെ.സി. 'സമുദായ ബോധം പുരാതനപ്പാട്ടുകളിൽ' എന്ന വിഷയത്തിൽ സെമിനാർ നയിച്ചു.

രൂപതാ വൈസ് പ്രസിഡന്റ് മേരിക്കുട്ടി ചാക്കോ പട്ടാറുകുഴി നന്ദി അർപ്പിച്ചു. രൂപതാ ട്രഷറർ മേരി ജോസഫ് കറുകപ്പറമ്പിൽ മാസ്റ്റർ ഓഫ് സെറിമണി ആയിരുന്നു.

## അതിരൂപതാ പാസ്റ്ററൽ കൗൺസിൽ; അജണ്ട ക്ഷണിച്ചു

കോട്ടയം: അതിരൂപത പാസ്റ്ററൽ കൗൺസിൽ യോഗം മെയ് 12 ശനിയാഴ്ച രാവിലെ 10.30ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും യോഗത്തിൽ പങ്കെടുക്കണമെന്ന് സെക്രട്ടറി എം.എൽ. ജോർജ് മറ്റത്തിക്കുന്നേൽ അറിയിച്ചു. യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ ഏപ്രിൽ 15ന് മുമ്പായി അതിരൂപതാ കേന്ദ്രത്തിൽ കിട്ടത്തക്കവിധം സെക്രട്ടറി പാസ്റ്ററൽ കൗൺസിൽ, കാത്തലിക് മെട്രോപ്പൊളിറ്റൻസ് ഹൗസ്, പി.ബി. നമ്പർ 71, കോട്ടയം - 686001 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

## ഈ ആഴ്ചയിലെ കാർട്ടൂൺ




# ക്നാനായ വീട്ടമ്മയ്ക്ക് മെഡിക്കൽ കോളജിൽ അപൂർവ ശസ്ത്രക്രിയ

കോട്ടയം: തലച്ചോറിലെ രക്തക്കുഴലിലെ തടസ്സം തലയോട്ടിതുറക്കാതെ നടന്ന അപൂർവശസ്ത്രക്രിയയിലൂടെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ നീക്കി. തലച്ചോറിൻെറ രണ്ട് രക്തക്കുഴലിലേയും ബ്ലോക്ക് തലയോട്ടി തുറക്കാതെ ശസ്ത്രക്രിയ നടത്തിയ ആദ്യത്തെ ഗവ. മെഡിക്കൽ കോളജ് എന്ന അംഗീകാരമാണ് ഇതോടെ കോട്ടയത്തിന് സ്വന്തമായത്. കിടങ്ങൂർ പള്ളി ഇടവക ചാഴിശേരിയിൽ മേരിയാണ് (68) അപൂർവശസ്ത്രക്രിയക്ക് വിധേയയായത്.

രണ്ടാഴ്ചത്തെ ചികിത്സക്കുശേഷം ഇവർ ചൊവ്വാഴ്ച ആശുപത്രി വിട്ടു. കടുത്ത തലവേദനയെത്തുടർന്ന് വിവിധ ആശുപത്രികളിലെ ചികിത്സക്കുശേഷമാണ് മേരി മെഡിക്കൽ കോളജിലെ ന്യൂറോസർജറി വിഭാഗത്തിലത്തെിയത്. വിദഗ്ധ പരിശോധന നടത്തിയപ്പോഴാണ് തലച്ചോറിലെ രക്തക്കുഴലുകൾ ചുരുങ്ങി രക്തയോട്ടം കുറയുന്നത് ഡോക്ടർമാരുടെ ശ്രദ്ധയിൽപ്പെട്ടത്. തലച്ചോറിൻെറ വലതുഭാഗത്തെ പ്രധാനരക്തക്കുഴലും ഇടതുരക്തക്കുഴലും 95 ശതമാനം അടഞ്ഞ അവസ്ഥയിലായിരുന്നു. ചെറിയ കുമിളകൾ പോലുള്ള (അനുറിസം) ബ്ലോക്കുകൾ നീക്കം ചെയ്യുകയെന്നത് സങ്കീർണവും അപകടകരവുമായതിനാൽ തലയോട്ടിതുറക്കാതെ ശസ്ത്രക്രിയ നടത്താൻ തീരുമാനിക്കുകയായിരുന്നു.

തുടർന്ന് കാലിലെ രക്തക്കുഴലിലൂടെ കത്തീറ്റർ കയറ്റി തലച്ചോറിൻെറ രക്തക്കുഴലിൽ എത്തിച്ച് കുമിള പോലുള്ള ഭാഗം നീക്കം ചെയ്യുകയായിരുന്നു. ബുദ്ധിമുട്ടു നിറഞ്ഞ ഈ ശസ്ത്രക്രിയ ഗവ. മെഡിക്കൽ കോളജിൽ ആദ്യമാണെന്ന് ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയ ന്യൂറോസർജറി മേധാവി ഡോ. മഹാദേവൻ, കാർഡിയോളജി മേധാവി ഡോ. രാജുജോർജ് എന്നിവർ പറഞ്ഞു. ന്യൂറോസർജറിയിലെ അസോസിയേറ്റ് പ്രഫസർ ഡോ. അനീസ് മുസ്തഫ, ഡോ. സുനിൽ കുമാർ കാർഡിയോളജി വിഭാഗത്തിലെ അസോസിയേറ്റ് പ്രഫ. ഡോ. വി.എൽ. ജയപ്രകാശ്, ഡോ. റൈഹാനത്ത്, ഡോ. ദീപു, അനസ്തേഷ്യാവിഭാഗം ഡോക്ടർമാരായ മേരി, സുനീഷ്, ഫെബിൻ, നീതു, അനൂഷ എന്നിവരും ശസ്ത്രക്രിയയിൽ പങ്കാളികളായി.

## യൂത്ത് പാർലമെന്റ്: കല്ലറ സെന്റ് തോമസിന് സംസ്ഥാനതലത്തിൽ പുരസ്കാരം

കല്ലറ: സംസ്ഥാന തലത്തിൽ നടത്തിയ സ്കൂൾ യൂത്ത് പാർലമെന്റ് മത്സരത്തിൽ കല്ലറ സെന്റ് തോമസ് ഹൈസ്കൂൾ ആദ്യത്തെ അഞ്ച് സ്ഥാനങ്ങളിൽ ഒന്ന് നേടി. ആദ്യത്തെ അഞ്ച് സ്ഥാനം നേടിയ സ്കൂളുകൾക്ക് പ്രത്യേക ട്രോഫി നൽകും. സ്കൂളിലെ അധ്യാപകൻ കൂടിയായ മുൻ.എം.എൽ.എ സ്റ്റീഫൻ ജോർജിന്റെ നേതൃത്വത്തിലാണ് ഇതിനായി കുട്ടികളെ ഒരുക്കിയത്. ജില്ലാ തല മത്സരത്തിൽ കല്ലറ ഒന്നാമതെത്തിയിരുന്നു.

## രാജപുരം ഫൊറോനാ ദേവാലയത്തിൽ ബൈബിൾ ക്ലാസ്സ് നടത്തി



രാജപുരം: ഫോറോനായുടെ ആഭിമുഖ്യത്തിൽ രാജപുരം ഫൊറോനാ ദേവാലയത്തിൽ ഇരിട്ടി മേജർ സെമിനാരിയിൽ സഭാശാസ്ത്രം പഠിപ്പിക്കുന്ന ഫാ.ജോസ് മുത്തനാട്ടിന്റെ നേതൃത്വത്തിൽ ഏകദിന ബൈബിൾ ക്ലാസ്സ് നടത്തി. ചുള്ളിക്കര ഇടവക വികാരിയും അതിരൂപതാ ലിറ്റർജി കമ്മീഷൻ ചെയർമാനുമായ ഫാ.ജോസ് തറപ്പുതൊട്ടിൽ സ്വാഗതം പറഞ്ഞു.

ബൈബിൾ ക്ലാസ്സ് വിശ്വാസികളുടെ പല സംശയങ്ങൾക്കുമുള്ള ഒരു മറുപടിയായിരുന്നു. തിരുസഭ എന്താണ്? അതിന്റെ പ്രവർത്തനങ്ങൾ, സഭയിലെ ദൈവീകവും മാനുഷികവും ആയ പ്രവർത്തനങ്ങൾ, അവ എന്താണ് എന്ന് ഒരു വിശ്വാസി മനസിലാക്കിയിരിക്കണം.

നിത്യരക്ഷ നേടുക എന്നതാണ് ഓരോ വിശ്വാസിയുടെയും ആത്യന്തികമായ ജീവിത ലക്ഷ്യം. അത് നേടുന്നതിനു ഈ തീർഥാടന സഭ അത്യാവശ്യമാണ് എന്നുള്ളത് ഈ ക്ലാസിലൂടെ വിശദമാക്കി. സഭയിൽ നിന്നും പുറത്ത് ഉള്ള 'എമ്പെരോർ എമ്മാനുവേൽ' യഹോവ സാക്ഷികളും മറ്റും ക്രൈസ്തവ വിശ്വാസികളുടെ മുന്നിൽ വെക്കുന്ന ഉത്തരം കിട്ടാത്ത ചോദ്യങ്ങൾക്കുമുള്ള വ്യക്തമായ ഒരു മറുപടിയും ആയിരുന്നു ഈ ക്ലാസ്സ്, ഇരുനൂറോളം പേർ ക്ലാസ്സിൽ പങ്കെടുത്തു, അറയ്ക്കൽ സുനിൽ നന്ദി പറഞ്ഞു.

ക്നാനായ VOICE OF THE KNANAYA PEOPLE AROUND THE WORLD വോയ്സ്

ESTD: 2008
www.knanayavoice.com

Published by: Knanayavoice, 2634, Golf Rd.
(Golf/Washington), Glenview, IL-60025

# ക്നായിതൊമ്മൻ കൊടുങ്ങല്ലൂരിൽ അന്ന് കൊളുത്തിയ ദീപശിഖ

ക്നാനായ കാത്തലിക് യൂത്ത് ലീഗിന്റെ പ്രവർത്തന ശ്ലോകം ഏറെ ഹൃദ്യവും അർത്ഥ ഗർഭവുമാണ്. 'ക്നായിതൊമ്മൻ കൊടുങ്ങല്ലൂരിൽ അന്ന് കൊളുത്തിയ ദീപശിഖ, രക്തം നൽകി ജീവൻ നൽകി, തലമുറ തലമുറ കൈമാറി, കെടാതെ ഞങ്ങൾ സൂക്ഷിക്കും' എന്നേറ്റ് വിളിച്ച് വളർന്ന ഓരോ ക്നാനായക്കാരനും ആഗ്രഹിക്കുന്നു ക്നാനായ സമുദായം അതിന്റെ പൂർണ്ണ പ്രൗഡിയോടെ എക്കാലവും നിലനിന്ന് പോകണമെന്ന്.

കാലത്തിന്റെ കുത്തൊഴുക്കിൽ പല വൻ നാഗരികതകളും അപ്രത്യക്ഷമായപ്പോളും ഒരു കൊച്ചു സമൂഹം നൂറ്റാണ്ടുകൾ കടന്ന് ഇത്രയും വളർന്നത് ചരിത്രകാരൻമാരെ പോലും അത്ഭുതപ്പെടുത്തുന്നു. അത്യുന്നത കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു, സ്വവംശ വിവാഹം തന്നെയാണ് ക്നാനായ സമുദായത്തിന്റെ നട്ടെല്ല്. കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയ നാൾ മുതൽ 72 കുടംബങ്ങളിൽപ്പെട്ടവർ പരസ്പരം താങ്ങായി തണലായി കൈകോർത്ത് ജീവിച്ചത് കൊണ്ട് തന്നെയാണ് ഇന്നത്തെ അവസ്ഥയിലേക്ക് സമൂഹം വളർന്നത്.

ക്നാനായ സമുദായ അംഗത്വത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ചകൾ ആകാമോ? നിലവിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണിത്. നോർത്ത് അമേരിക്കയിലെ നമ്മുടെ പള്ളികളും മിഷനുകളും സീറോ മലബാർ രൂപതയുടേയും മാർ ജേക്കബ് അങ്ങാടിയത്തിന്റെയും അധികാര പരിധിയിൽ ആയതുകൊണ്ട് പ്രസ്തുത രൂപതയുടെ നിയമങ്ങൾ നമുക്കും ബാധകമല്ലെ എന്നതാണ് ചർച്ചയ്ക്ക് ആധാരം.

ഈ വിഷയം അമേരിക്കയിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും മാർ അങ്ങാടിയത്തിനെ കെ.സി.സി.എൻ.എ. ബഹിഷ്കരിക്കുകയും ചെയ്യുന്നിടം വരെ ചെന്നെത്തി. അമേരിക്കക്ക് പുറത്തേയ്ക്ക് ഈ ചർച്ച വ്യാപിക്കുന്നത് ഈയിടെയാണ്. കെ.സി.സി.എൻ.എ. യും ക്നാനായ മിഷനിലെ വൈദികരുമായി മാർ മൂലക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചർച്ചയിൽ 'ജന്മം കൊണ്ട്' ക്നാനായക്കാരായ ആർക്കും, അത് സമുദായത്തിന് പുറത്തു നിന്ന് വിവാഹം കഴിച്ചവരാണെങ്കിൽ പോലും ക്നാനായ ഇടവകകളിലും മിഷനുകളിലും അംഗമായി തുടരാം എന്ന് ആത്മീയ നേതൃത്വത്തിന്റെ വിശദീകരണമാണ് ഇതിന് വഴി വെച്ചത്. ഇതിന് തൊട്ടടുത്ത ദിവസം തന്നെ ചിക്കാഗോ സെന്റ് മേരീസിൽ നടന്ന പൊതു സമ്മേളനത്തിൽ മൂലക്കാട്ട് പിതാവ് വ്യക്തത നൽകി.

(ഒന്ന്) കോട്ടയം രൂപതാ അതിർത്തിക്ക് പുറത്ത് വരുന്ന അമേരിക്കയിൽ ദേവാലയങ്ങൾ സ്ഥാപിക്കണമെങ്കിൽ അത് പ്രദേശത്തെ രൂപതയ്ക്ക് കീഴിൽ ആയിരിക്കണമെന്ന പരിശുദ്ധ സിംഹാസനത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടങ്ങിയ ഇടവകകൾ സാങ്കേതികമായി സഭാപരമായ കാര്യങ്ങളിൽ ചിക്കാഗോ രൂപതാധ്യക്ഷനോട് വിധേയരായിരിക്കണം. എന്നിരുന്നാലും സാമുദായികമായ മുഴുവൻ കാര്യങ്ങളിലും ക്നാനായ സമുദായത്തിന്റെ ഉത്തരവാദിത്തം കോട്ടയം രൂപതാധ്യക്ഷന് തന്നെയായിരിക്കും.

(രണ്ട്) സമുദായത്തിന് പുറത്ത് വിവാഹം കഴിച്ചവർക്കുള്ള ഇടവകാംഗത്വം അമേരിക്കയ്ക്ക് പുറത്ത് ബാധകമല്ല. അങ്ങനെയുള്ളവർക്ക് ചിക്കാഗോ രൂപതയുടെ നിർദ്ദേശാനുസരണം ഇടവകാംഗമായി തുടരാൻ അനുവദിക്കുമെങ്കിലും അവരുടെ കുടുംബാംഗങ്ങൾക്ക് അംഗത്വം നൽകില്ല. സഭാപരമായ അനുഷ്ഠാനങ്ങളിൽ ആർക്കും പങ്കെടുക്കാമെങ്കിലും ഭരണപരമായ നടത്തിപ്പിൽ പങ്കാളിത്തം കോട്ടയം അതിരൂപതാ നിയമമനുസരിച്ച് ക്നാനായക്കാരായവർക്ക് മാത്രമായിരിക്കും.

വൈകാരികമായി നാം ആഗ്രഹിക്കുന്നത് പോലെ ചിക്കാഗോയിൽ ക്നാനായക്കാർക്ക് ഒരു രൂപത എന്ന കാര്യം അത്ര എളുപ്പമല്ലാത്തിടത്തോളം സഭാ നിയമങ്ങൾക്ക് വിധേയരായിരിക്കുവാൻ നാം കടപ്പെട്ടവരാണ്. നമ്മുടെ ഇടവകകൾക്ക് വേണ്ടിയെങ്കിലും. എന്നിരുന്നാലും ക്നാനായ സമുദായത്തിന്റെ നട്ടെല്ലായ സ്വവംശ വിവാഹ നിഷ്ടയിൽ വെള്ളം ചേർക്കാൻ അനുവദിക്കാൻ പാടില്ല.

പത്രാധിപസമിതിക്കു വേണ്ടി, ലിൻസൻ കൈതമല

# ഡിട്രോയിറ്റിൽ കുടുംബ നവീകരണ ധ്യാനം മാർച്ച് 23,24,25 തീയതികളിൽ

ഡിട്രോയിറ്റ്: സുപ്രസിദ്ധ വചന പ്രഘോഷകൻ ജോർജ് പനയ്ക്കൽ നയിക്കുന്ന നോമ്പുകാല കുടുംബ നവീകരണ ധ്യാനം ഡിട്രോയിറ്റ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നു.

മാർച്ച് 23ന് വെള്ളിയാഴ്ച വൈകുന്നേരം 6 മുതൽ 9 വരേയും, 24, 25 (ശനി, ഞായർ) തീയതികളിൽ രാവിലെ 9 മുതൽ വൈകുന്നേരം 5 മണി വരേയും ക്രമീകരിച്ചിരിക്കുന്ന കുടുംബ നവീകരണ ധ്യാത്തിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നതായി വികാരി ഫാ. മാത്യു മേലേടം അറിയിച്ചു.

വിശുദ്ധ കുർബാന, കുമ്പസാരം, കൗൺസിലിംഗ്, ആരാധന, രോഗശാന്തി ശുശ്രൂഷ എന്നിവയുണ്ടായിരിക്കുന്നതാണ്.

കുട്ടികൾക്കും യുവജനങ്ങൾക്കും ബ്രദർ ജൻസൺ ജോസഫ് നയിക്കുന്ന പ്രത്യേക ധ്യാനവും ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഫാ. മാത്യു മേലേടം (248 820 2086), ജോമോൻ മാന്തുരുത്തിൽ (586 274 9759), റെജി കുട്ടോത്തറ (248 632 0549). വിലാസം: സെന്റ് മേരീസ് ക്നാനായ കാത്തലിക് പാരിഷ്, 3238 റോയൽ ഏവ്, ബെർക്കില്, എം.ഐ. 48072.

# ഇ.ജെ. ലൂക്കോസിന്റെ നിര്യാണത്തിൽ കെ.സി.സി.എൻ.എ. അനുശോചിച്ചു

മുൻ എം.എൽ.എയും ക്നാനായ കത്തോലിക്ക കോൺഗ്രസിന്റെ മുൻ പ്രസിഡന്റുമായിരുന്ന ഇ.ജെ ലൂക്കോസിന്റെ നിര്യാണത്തിൽ കെ.സി.സി.എൻ.എ എക്സിക്യൂട്ടിവും ദേശിയ കൗൺസിൽ അംഗങ്ങളും അനുശോചിച്ചു. മികച്ച അധ്യാപകനായിരുന്നു ലൂക്കോസാർ. കൂടാതെ ക്നാനയ സമുദായ അംഗങ്ങളോടും മറ്റു സംഘടനകളോടുമുള്ള അദ്ദേഹത്തിന്റെ അത്മാർഥത ലോകം അംഗീകരിക്കുന്നതാണന്ന് കെ.സി.സി.എൻ.എ പ്രസിഡന്റ് ഷീൻസ് ആകാശാലയും സെക്രട്ടറി സിബി വാഴപ്പള്ളിയും പറഞ്ഞു.

ക്നാനായ വാർത്തകൾ ഒരു നിമിഷം മുമ്പേ
ക്നാനായ വോയ്സ്
www.knanayavoice.com

# ചിക്കാഗോ സെന്റ് മേരീസ് മതബോധന സ്കൂളിൽ കാൻഡ് ഫുഡ് ഡ്രൈവ് നടത്തി



ചിക്കാഗോ: സെന്റ് മേരീസ് റിലീജിയസ് എഡ്യൂക്കേഷൻ സ്കൂളിന്റെ ആഭിമുഖ്യത്തിൽ അഗാപ്പെ മൂവ്മെന്റിന്റെ സഹകരണത്തോടെ നിർദ്ധനരായവർക്കുവേണ്ടി കാൻഫുഡ് ഡ്രൈവ് നടത്തപ്പെട്ടു. ദൈവം നൽകിയ വരദാനങ്ങൾ സഹജരുമായി പങ്കു വയ്ക്കുക എന്ന നോമ്പുകാല സന്ദേശം വളർന്നുവരുന്ന കുട്ടികളിൽ എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി നടത്തപ്പെട്ട ഭക്ഷണശേഖരണ പരിപാടിയിൽ മതബോധന സ്കൂളിലെ കുട്ടികൾ ഉത്സാഹത്തോടുകൂടി പങ്കെടുത്തു. അഗാപ്പെ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ അർഹരായ നിർദ്ധനർക്ക് എത്രയും വേഗം സമാഹരിക്കപെട്ട ഭക്ഷണസാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതാണെന്ന് വികാരി ഫാ. എബ്രാഹം മുത്തോലത്ത് അറിയിച്ചു. ഫുഡ് ഡ്രൈവിന് ചർച്ച് എക്സിക്യൂട്ടീവ് മെമ്പർമാരും മതബോധന സ്കൂൾ ഡയറക്ടർമാരും അഗാപ്പെ മൂവ്മെന്റ് കോർഡിനേറ്റർമാരും നേതൃത്വം നൽകി.

# ‘താരകലാമാല’ സ്റ്റേജ് പ്രോഗ്രാമിന് അറ്റ്ലാന്റയിൽ ആവേശകരമായ കിക്കോഫ്



അറ്റ്ലാന്റ: ഹോളി ഫാമിലി ക്നാനായ കാത്തലിക് ദേവാലയത്തിന്റെ ധനശേഖരണാർത്ഥം ഏപ്രിൽ 22–ാം തീയതി വൈകുന്നേരം സനെൽവിൽ ഷൈലോ ഹൈസ്കൂളിൽ വച്ച് നടത്തപ്പെടുന്ന മലയാള ചലച്ചിത്ര ലോകത്തെ നടീനടൻമാരും, ഹാസ്യ സാമ്രാട്ടുകളും, പിന്നണി ഗായകരും ചേർന്ന് അവതരിപ്പിക്കുന്ന ‘താരകലാമാല’ എന്ന പരിപാടിയുടെ കിക്കോഫ് മാർച്ച് 11 ന് നടത്തി.

ആദ്യ ടിക്കറ്റ് പ്രോഗ്രാം ചെയർമാനായ ഡൊമിനിക് ചാക്കോനാലിന്റെ പക്കൽനിന്നും ഇടവക വികാരി ഫാ. ഡൊമിനിക് മഠത്തിൽകളത്തിൽ ഏറ്റുവാങ്ങുകയും, തുടർന്ന് ടിക്കറ്റ് ജനകീയ ലേലത്തിന് നൽകുകയും ചെയ്തു. കൈക്കാരനായ സന്തോഷ് ഉപ്പൂട്ടിൽ ലേലം നയിക്കുകയും ശാന്തമ്മ പുല്ലാഴിയിൽ ലേലത്തിൽ ടിക്കറ്റ് കരസ്ഥമാക്കുകയും ചെയ്തു.

പ്ലാറ്റിനം സ്പോൺസേഴ്സ് ആയി 9 പേരും ഗോൾഡ് സ്പോൺസേഴ്സായി 20 പേരും സിൽവർ സ്പോൺസേഴ്സായി 16 പേരും മുന്നോട്ടു വന്നു. ഇനിയും ധാരാളംപേർ മുന്നോട്ട് വരണമെന്ന് വികാരി അറിയിച്ചു. ടിക്കറ്റ് വിൽപ്പനയിൽ ആവേശകരമായ പ്രതികരണമാണ് ലഭിച്ചതെന്ന് പ്രോഗ്രാം മാർക്കറ്റിംഗ് മാനേജർ ജോസ് കാപറമ്പിൽ പറഞ്ഞു.

അറ്റ്ലാന്റായിലെ ക്നാനായ ദേവാലയ ധനശേഖരണാർത്ഥം നടത്തപ്പെടുന്ന മെഗാഷോ 2012 ലെ ഏറ്റവും മികവുറ്റ കലാവിരുന്നായിരിക്കുമെന്ന് പരിപാടിയുടെ കോ ചെയർമാൻ ജോണി ഇല്ലിക്കാട്ടിൽ പറഞ്ഞു. പരിപാടിയുടെ വിജയത്തിനായി വിപുലമായ കമ്മറ്റിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ജേക്കബ് അത്തിമറ്റത്തിൽ, സന്തോഷ് ഉപ്പൂട്ടിൽ, സിബി മുളയാനിക്കുന്നേൽ, മാത്യു വേലിയാത്ത്, മാത്യു വാഴക്കാലായിൽ, ബിജു തുരുത്തുമാലിൽ, തമ്പു പുളിമൂട്ടിൽ, തോമസ് മുണ്ടന്താനം, ലൂക്ക് ചക്കാലപ്പടവിൽ, റെജി കളത്തിൽ, ജസ്റ്റിൻ പുത്തൻപുരയിൽ, റീന വാലാച്ചിറ, സീന കുടിലിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ഡിട്രോയിറ്റ് ദേവാലയം സന്ദർശിച്ചു




ഡിട്രോയിറ്റ് സെന്റ് മേരീസ് ക്നാനായ ദേവാലയത്തിൽ അമേരിക്കയിൽ പ്രസിദ്ധമായ മിച്ചിഗൻ വില്യം ബ്യൂമോണ്ട് ഹോസ്പിറ്റൽ ക്ലിനിക്കൽ പാസ്റ്ററൽ ടീം സന്ദർശിച്ചു. വികാരി ഫാ. മാത്യു മേലേടം, കൈക്കാരൻ റെജി കുട്ടോത്ര, ബിബി തെക്കനാട്ട്, ജോസീന സജു എന്നിവർ ചേർന്ന് സ്വീകരിച്ചു.

# എയർ ഇന്ത്യ: കസ്റ്റംസ് ക്ലിയറൻസ് ഇനി കൊച്ചിയിൽ



എയർ ഇന്ത്യ മിഡ്‌വെസ്റ്റ് മാനേജർ ജൂഡ് ക്രാസ്റ്റോ പത്രസമ്മേളനത്തിൽ പുതിയ തീരുമാനങ്ങൾ പ്രഖ്യാപിക്കുന്നു. കാതറിൻ തൊറാട്ട്, സഞ്ജയ് ശർമ്മ, ആസ്പി ഇറാനി, സിബിൾ സക്കറിയ എന്നിവരാണ് സമീപം.

ചിക്കാഗോ: എയർ ഇന്ത്യയിലൂടെ ചിക്കാഗോയിൽ നിന്നും കൊച്ചിയിലേക്ക് പോകുന്ന യാത്രക്കാർക്ക് മാർച്ച് 25 മുതൽ ബാഗേജ് കൊച്ചിയിൽ കിട്ടും. കസ്റ്റംസ് ക്ലിയറൻസും കൊച്ചിയിൽതന്നെ. എയർ ഇന്ത്യ മിഡ്‌വെസ്റ്റ് മാനേജർ ജൂഡ്ക്രാസ്റോ പത്രസമ്മേളനത്തിൽ പുതിയ മാറ്റങ്ങൾ അറിയിച്ചു. ഡിസ്ട്രിക്ട് സെയിൽസ് മാനേജർ കാതറിൻ തൊറാട്ട്, മിഡ്‌വെസ്റ്റ് ഫൈനാൻസ് മാനേജർ സഞ്ജയ് ശർമ്മ, എയർ പോർട്ട് മാനേജർ ആസ്പി ഇറാനി എന്നിവരും സന്നിഹിതരായിരുന്നു. കഴിഞ്ഞ ഒന്നരവർഷക്കാലമായി നിലനിന്നിരുന്ന വലിയ ഒരു പ്രശ്നത്തിന് അങ്ങനെ പരിഹാരമായി.

ചിക്കാഗോയിൽനിന്നും എയർ ഇന്ത്യയുടെ നോൺസ്റ്റോപ്പ് വിമാനത്തിൽ ഡൽഹിയിലെത്തുന്ന യാത്രക്കാർക്ക് ബാഗേജ് കളക്ട് ചെയ്ത് കസ്റ്റംസ് ക്ലിയറൻസും ചെയ്തിട്ടുവേണമായിരുന്നു കൊച്ചിക്കുള്ള യാത്ര തുടരുവാൻ. ഇത് യാത്രക്കാർക്ക് അനാവശ്യമായ അസൗകര്യങ്ങൾ സൃഷ്ടിച്ചിരുന്നു. തൻമൂലം പലരും എയർ ഇന്ത്യയിലൂടെയുള്ള യാത്രതന്നെ ഒഴിവാക്കി. ഒടുവിൽ എയർ ഇന്ത്യ അധികൃതരുടെ കണ്ണുതുറന്നു.

ചിക്കാഗോയിൽനിന്നും എല്ലാ ദിവസവും നോൺസ്റ്റോപ്പ് ആയി ഉച്ചയ്ക്ക് 1.30 പുറപ്പെടുന്ന എയർ ഇന്ത്യാ വിമാനം (എ.ഐ.126) അടുത്ത ദിവസം ഉച്ചകഴിഞ്ഞ് 3.10 ന് ഡൽഹിയിലെത്തും. 15 മണിക്കൂർ 10 മിനിറ്റാണ് യാത്രാസമയം. വൈകുന്നേരം 6.30 നാണ് കൊച്ചിക്കുള്ള കണക്ഷൻ. രാത്രി 9.30 ന് കൊച്ചിയിലെത്തും. കൂടാതെ ബോംബെ, അഹമ്മദബാദ്, അമൃത്സർ, കൊൽക്കത്ത, ചെന്നൈ, ബാംഗ്ളൂർ എന്നീ സ്ഥലങ്ങളിലേക്കും കണക്ഷൻ വിമാനങ്ങൾ ഉണ്ടായിരിക്കും.

തിരിച്ച് കൊച്ചിയിൽനിന്നും എല്ലാ ദിവസവും വൈകിട്ട് 7.35 നാണ് ഡൽഹിക്കുള്ള വിമാനം. ഡൽഹിയിൽനിന്നും (എ.ഐ. 127) വെളുപ്പിന് 2 മണിക്ക് ചിക്കാഗോയിലേക്ക് നോൺ സ്റ്റോപ്പ് ആയി പുറപ്പെടും.

അതേദിവസം തന്നെ രാവിലെ 7.25 ന് ചിക്കാഗോയിലെത്തും. ഡൽഹി ചിക്കാഗോ വിമാനം സമയക്ലിപ്തത, ബാഗേജ് തുടങ്ങിയ കാര്യങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്നതായി ജൂഡ് ക്രാസ്റ്റോ പറഞ്ഞു.

## പ്രത്യേക അറിയിപ്പ്

### ക്നാനായ വോയ്സ്.കോം–ൽ തൽസമയ സംപ്രേഷണം ബുക്ക് ചെയ്യുന്നവരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

ക്നാനായ വോയ്സ്.കോം–ൽ തൽസമയ സംപ്രേഷണം കാണിക്കാം എന്ന വ്യാജേന കേരളത്തിലെ പല വീഡിയോ ലൈബ്രററികളും സ്റ്റുഡിയോകളും നിങ്ങളെ സമീപിക്കുകയും പിന്നീട് വെബ്സൈറ്റിലെ സാങ്കേതിക കാരണങ്ങൾ നിരത്തി തങ്ങളുടെ വെബ്സൈറ്റിൽ കൂടി മാത്രമേ സംപ്രേഷണം ലഭ്യമാകുകയുള്ളൂ എന്ന് പറഞ്ഞ് നിങ്ങളെ തട്ടിപ്പിന് ഇരയാക്കുന്നതായും അറിയുവാൻ സാധിച്ചു. ഇങ്ങനെ ആരെങ്കിലും നിങ്ങളെ സമീപിച്ചാൽ താഴെ കാണുന്ന ക്നാനായവോയ്സ് പ്രതിനിധികളുടെ നമ്പരിൽ വിളിച്ച് അത് യഥാർത്ഥ ആളുകളാണെന്ന് ഉറപ്പു വരുത്തുക.

ബന്ധപ്പെടേണ്ട നമ്പറുകൾ

യു.എസ്.എ: 7732342685, ഇന്ത്യ: 9447475735, യു.കെ.: 07861739053, ഓഷ്യാന: +61422435158, ഗൾഫ്: +971506845644

PJ Enterprises
More Than 20 Channels through One Box
log on www.pjenterprises.us
Joshua Mattathil
Toll Free: 1-866-310-9276
PJ TRAVEL & TOURS
Travel around the world with Best Service @ Cheapest Rate...
Toll Free: 1-866-310-9276
Joshua Mattathil
914-671-0069 / 516-417-8382
Kuwait Airways Emirates Etihad Qatar Gulf Air Air India

# ആത്മാവിന്റെ തേജസിൽ ജ്വലിച്ച് രണ്ടാം ശനിയാഴ്ച കൺവൻഷൻ

ബർമിംഗ്ഹാം: ദൈവീക തീക്ഷ്ണതയാൽ വിശ്വാസത്തിന്റെ മഹത്വം ഉറക്കെ പ്രഖ്യാപിച്ച് രണ്ടാം ശനിയാഴ്ച കൺവൻഷനിൽ കുട്ടികളടക്കം നാലായിരത്തിലധികം വിശ്വാസികൾ സംബന്ധിച്ചു. രാവിലെ എട്ടിന് കുരിശിന്റെ വഴിയോടുകൂടി ആരംഭിച്ച കൺവൻഷന്റെ പ്രധാന ഹാൾ ഒൻപതുമണിയോടെ നിറഞ്ഞു കവിഞ്ഞു. സെന്ററിനു വെളിയിലായി കുട്ടികൾക്കായി പ്രത്യേക ടെന്റ് തയാറാക്കി കുട്ടികളുടെ ധ്യാനവും ആരാധനയും പ്രത്യേകമായി നടന്നു.

ഫാ. സോജി ഓലിക്കന്റെ മുഖ്യ കാർമികത്വത്തിൽ ദിവ്യബലി മധ്യേ ഫാ. സിറിൾ ഇടമന വചന പ്രഘോഷണം നടത്തി. വിശുദ്ധിയിൽ ജീവിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റിയാണ് ഫാ. സിറിൾ ഇടമന വചന പ്രഘോഷണം നടത്തിയത്. സഹനത്തിലൂടെയുള്ള പ്രാർഥനയിൽ ജീവിത വിജയം കൈവരിക്കുന്നതിനെപ്പറ്റി ഫാ. വർഗീസ് കോന്തുരുത്തിയും യൂറോപ്പിന്റെ നവീകരണത്തിനായി മലയാളി ശുശ്രൂഷകരുടെ കർത്തവ്യബോധ്യങ്ങളെപ്പറ്റി ബ്രദർ സന്തോഷ് കരുമാത്രയും വചനപ്രഘോഷണം നടത്തി.

ഫാ. ജോസഫ് കറുകയിൽ, ഫാ. ജിമ്മി, ഫാ. അൽഫോൻസ്, ഫാ. സാജു, ഫാ. ജോർജ്, ഫാ. ഫിലിപ്പ്, ഫാ. മാത്യു, ഫാ. സഖറിയ, ഫാ. സോണി എന്നീ വൈദികർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. അടുത്ത രണ്ടാം ശനിയാഴ്ച കൺവൻഷൻ ബഥേൽ സെനറ്റിൽ തന്നെ നടക്കും.

ഓഗസ്റ്റ് രണ്ടാം ശനിയാഴ്ച ഫാ. മാത്യു നായ്ക്കനാംപറമ്പിലും നവംബർ രണ്ടാം ശനിയാഴ്ച ഫാ. സേവ്യർഖാൻ വട്ടായിലും നയിക്കുന്ന കൺവൻഷനുകൾ യഥാക്രമം സ്റ്റോൺലിപാർക്ക് കവൻട്രിയിലും നോട്ടിംഗ്ഹാം അരീനയിലുമായിരിക്കും. യു.കെ. സെഹിയോൻ മിനിസ്ട്രിയുടെ രണ്ടാമത് ബ്രാഡ്ഫോർഡ് കൺവൻഷൻ ഈ മാസം 31-ന് ബ്രാഡ്ഫോർഡിൽ നടക്കും

# കെ.കെ.സി.എ. കൂടാരയോഗം ഭാരവാഹികൾ

കുവൈറ്റ്: കുവൈറ്റ് ക്നാനായ കൾച്ചറൽ അസോസിയേഷൻ കൂടാരയോഗം ഭാരവാഹികളെ തെരഞ്ഞെടുത്തു.

സെന്റ് മേരീസ്: ജെയ്സൺ മാത്യു മേലേടത്ത് പ്രസിഡന്റ് (24336142), സോണാ സൈമൺ വെരുടപ്പനാൽ സെക്രട്ടറി (99337949)

സെന്റ് ജോസഫ്: അനിൽജോയി തേക്കും കാട്ടിൽ പ്രസിഡന്റ് (66160442), ലൂസി ചാക്കോ കോയിത്തറയിൽ സെക്രട്ടറി (66380295).

സെന്റ് സ്റ്റീഫൻ: ജോസ് തടത്തിൽ പ്രസിഡന്റ് (66716289), ലൂസി ബെന്നി ആശാരികുത്ത് സെക്രട്ടറി (24338641, 99825648).

സെന്റ് തോമസ്: ജോസ് അലവും കുഴുപ്പിൽ പ്രസിഡന്റ് (24316389, 99063008), മേരി റെനി കുന്നക്കാട്ടുമലയിൽ സെക്രട്ടറി (24339156, 97985671).

സെന്റ് അൽഫോൻസ: ജോസഫ് തേക്കുംകാലായിൽ പ്രസിഡന്റ് (24992938, 66545906), ജീന ജോയി പുതിയ വീട്ടിൽ സെക്രട്ടറി (24808417, 66528071).

സെന്റ് തെരേസ: ജിൻസ് കുര്യാക്കോസ് പ്രസിഡന്റ് (25643539, 66656966), മിനി ഫിലിപ്പ് പുതിയ വീട്ടിൽ സെക്രട്ടറി (25647150, 997930590).

ഔവർ ലേഡി ഓഫ് അറേബ്യ: എബി ജോൺ മണലേൽ പ്രസിഡന്റ് (23712117, 67003171), ഏലിയാമ്മ തോമസ് തോാടിയിൽ സെക്രട്ടറി (2319703, 97980527).

# ബ്രാഡ്ഫോർഡിൽ വി.യൗസേപ്പിതാവിന്റെ മരണതിരുനാൾ 24ന്



ബ്രാഡ്ഫോർഡ്: തിരുക്കുടുംബത്തിന്റെ സംരക്ഷകനും വിരക്തി എന്ന പുണ്യത്തിന്റെയും നല്ല മരണത്തിന്റെയും കാവൽക്കാരനുമായ മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ബ്രോഡ്ഫോർഡിൽ ആചരിക്കുന്നു.

ഈ മാസം 24-ന് ഉച്ചകഴിഞ്ഞ് 3.30 ന് സെന്റ് പീറ്റേഴ്സ് പള്ളിയിൽ ജപമാലയും തുടർന്ന് ആഘോഷമായ ദിവ്യബലിക്ക് ഫാ, ഷാജി പുന്നേട്ട് മുഖ്യകാർമ്മികത്വം വഹിക്കും. കുടുതൽ വിവരങ്ങൾക്ക്: ലിജു പാറത്തൊട്ടാൽ: 07950453929.

# കെ.സി.സി യു.എ.ഇ. യ്ക്ക് നവനേതൃത്വം



ജോർജ് മാത്യു മാറികവീട്ടിൽ (പ്രസിഡന്റ്)



ജിബി ജോൺ ആനകുത്തിക്കൽ (സെക്രട്ടറി)



ജോയ് സി. ആനാലിൽ (ട്രഷറാർ)

ക്നാനായ കത്തോലിക്ക കോൺഗ്രസ് യു.എ.ഇ ഭാരവാഹികൾ: ജോർജ് മാത്യു മാറികവീട്ടിൽ പ്രസിഡന്റ്, ജിബിജോൺ ആനകുത്തിക്കൽ സെക്രട്ടറി, ജോയ്.സി ആനാലിൽ ട്രഷറർ.

കമ്മിറ്റിയംഗങ്ങൾ: അബുദാബി അബ്രാഹം രാജു പ്രസിഡന്റ്, ബിബി പീറ്റർ പരപ്പനാട്ട് സെക്രട്ടറി, സ്റ്റീഫൻ തോമസ് പാറാടിയിൽ കോർഡിനേറ്റർ, ബിനോയി തോമസ് പാറയിൽ കോർഡിനേറ്റർ.

ദുബായ്: ബെന്നി ലൂക്കോസ് ഒഴുങ്ങാലിൽ പ്രസിഡന്റ്, ജോലിൻ ജോസ് പത്താനാത്ത് സെക്രട്ടറി, ടോമി സൈമൺ നെടുങ്ങാട്ട് കോർഡിനേറ്റർ.

ഷാർജ: സ്റ്റീഫൻ എൻ.കെ നെല്ലിക്കോട്ട് പ്രസിഡന്റ്, സോമോൾ ജോയി ആനാലിൽ സെക്രട്ടറി, ജോർജ് തോമസ് നെടുംതുരുത്തിൽ കോർഡിനേറ്റർ.

അൽ-ഐൻ: ജിനോയി മാത്യു പ്രസിഡന്റ്, ജോർജ് പി.കെ. സെക്രട്ടറി, എബി കുര്യാക്കോസ് കോർഡിനേറ്റർ.

റാസൽഖൈമ: എം.കെ ജോൺ (തമ്പി) ഒറ്റക്കാട്ടിൽ പ്രസിഡന്റ്, സാബു കുര്യാക്കോസ് പള്ളിപ്പുറത്ത് മ്യാലിൽ സെക്രട്ടറി, ഫിനിൽ ജോൺ ആനാലി പാറയിൽ കോർഡിനേറ്റർ.

മിഡിൽ ഈസ്റ്റ്: ജെയിംസ് ചെറുശേരിൽ സെക്രട്ടറി, ജോപ്പൺ ഫിലിപ്പ് മണ്ണാട്ടുപറമ്പിൽ അഡ്വൈസർ.

## അയർലൻഡിൽ ക്നാനായ ബോധവത്കരണ സെമിനാർ

അയർലൻഡ് ക്നാനായ കാത്തലിക്ക് അസോസിയേഷൻ യുവജനങ്ങൾക്കായി ഏകദിന സെമിനാർ സംഘടിപ്പിക്കുന്നു. ഫാ. ആന്റണി നെല്ലിക്കുന്നേൽ, ബാബു കുരുവിള ചെറുശേരിൽ എന്നിവർ സെമിനാറിന് നേതൃത്വം നൽകും. മാർച്ച് 19ന് രാവിലെ 10 മുതൽ കൂസ് ടൗണിലെ ഗുഡ്‌വിൽ ഹാളിലായിരിക്കും സെമിനാർ. കുടുതൽ വിവരങ്ങൾക്ക്: 0872287648, 0873120150

## സിജോ ജോസ് ഇടച്ചെരിൽ കെ.സി.വൈ.എൽ. ഇറ്റലി റീജിയൻ പ്രസിഡന്റ്



റോം: കെ.സി.വൈ.എൽ ഇറ്റലി റീജിയൻ 2012-2013 ലെ ഭരണ സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ സിജോ ജോസ് ഇടച്ചെരിൽ-നെ ഏകകണ്ഠമായായി കെ.സി.വൈ.എൽ. ഇറ്റലി റീജിയൻ പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടു. പുന്നത്തുറ പഴയ പള്ളി ഇടവകാംഗമാണ്, ക്നായി തോമാ ട്രസ്റ്റ് ചെയർമാൻ, ചെറുപുഷ്പ മിഷൻ ലീഗ് പ്രസിഡന്റ്, കെ സി.വൈ.എൽ. പുന്നത്തുറ യൂണിറ്റ് ട്രഷറർ, കെ.സി.വൈ.എൽ. ഇറ്റലി റീജിയൻ ട്രഷറർ, ഇറ്റാലിയൻ ക്നാനായ കൺവൻഷൻ കമ്മറ്റി മെമ്പർ എന്നിങ്ങനെ നിരവധി പദവികളിൽ സംഘടനാ പ്രവർത്തന രംഗത്ത് സജീവ പ്രവർത്തനം കാഴ്ച്ച വെച്ചിട്ടുണ്ട്.പുന്നത്തുറ ഇടച്ചെരിൽ ജോസ്കുട്ടി എൽസമ്മ ദമ്പതികളുടെ പുത്രനാണ്.


TAX SERVICE
INCOME TAX & ACCOUNTING



FREE E-FILING • SAME DAY REFUND
SAJU KANNAMPALLY
2700 Maynard Dr. Glenview, IL-60025
Phone: 1-847-791-1824, Fax: 1-847-239-6727
Email: saju7@yahoo.com
ASSOCIATES WITH JAIBU KULANGARA

Royal Malabar CATERING
WILLIAM GEORGE
royalmalabarcatering@gmail.com
911 B GREENWOOD RD.
GLENVIEW - IL 60025
PH: 847-998-5635
CELL: 773-842-5179
FAX: 847-724-1797



# നിര്യാതരായി



കരിങ്കുന്നം: കളപ്പുരയിൽ പരേതനായ ഉതുപ്പാന്റെ (കൊച്ച്) ഭാര്യ മറിയം (87) നിര്യാതയായി. സംസ്കാരം കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് പള്ളിയിൽ നടത്തി. പരേത മ്രാല ആലപ്പാട്ട് കുടുംബാംഗമാണ്. മക്കൾ: പരേതനായ കുര്യൻ, മേരി, ബേബി (റിട്ട. എയർഫോഴ്സ്), സോഫിയാമ്മ. മരുമക്കൾ: ആനീസ് ഏലന്താനത്ത് കരിങ്കുന്നം, സൈമൺ കണ്ടോത്ത് വാരപ്പെട്ടി, സെലിൻ കൊശപ്പള്ളിൽ കൂടല്ലൂർ, തമ്പി എരുമേലിക്കര മാറിക (ജനറൽ മാനേജർ, ചാഴികാട്ട് ഹോസ്പിറ്റൽ തൊടുപുഴ)

കുമരകം: തൊട്ടിച്ചിറ ടി.സി. ചാക്കോ (86, റിട്ട. ഹെഡ്മാസ്റ്റർ, ഗവ. ഹൈസ്കൂൾ, കാരാപ്പുഴ) നിര്യാതനായി. സംസ്കാരം കുമരകം വള്ളാറ പള്ളി സെമിത്തേരിയിൽ നടത്തി. ഭാര്യ: പരേതയായ മേരിക്കുട്ടി കിടങ്ങൂർ പിള്ളവീട്ടിൽ കുടുംബാംഗം. മക്കൾ: ഷൈനമ്മ, പ്രഫ. റീന സിറിയക് (സെന്റ് സ്റീഫൻസ് കോളജ്, വാഴൂർ), സെലിനാമ്മ (ടീച്ചർ, സെന്റ് മർസിലിനോസ് സ്കൂൾ, എസ്എച്ച് മൗണ്ട്), സബീന (വനിത ഐടിഐ, കളമശേരി). മരുമക്കൾ: ടോമി തോമസ് മാളേക്കത്തറ (എസ്എച്ച് മൗണ്ട്), സിറിയക് മാത്യു ആനാലിൽ (ഉഴവൂർ), പ്രഫ. ഫിലിപ്പ്സൺ (സെന്റ് സ്റ്റീഫൻസ് കോളജ്, വാഴൂർ) ചിമ്പേത്ത് (തെള്ളകം), ബോബി മാത്യുസ് കൊച്ചുപുത്തൻപുര (കുവൈറ്റ്).

മള്ളൂശേരി: മറ്റത്തിപറമ്പിൽ പരേതനായ ലൂക്കോസിന്റെ ഭാര്യ മേരി ലൂക്കോസ് (85) നിര്യാതയായി. സംസ്കാരം മള്ളൂശേരി സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ നടത്തി. പരേത കിടങ്ങൂർ നാഞ്ഞലത്തു കുടുംബാംഗം. മക്കൾ: മോളി, ഏലമ്മ, ആൻസി, സജി, സാം ലൂക്കോസ് (മാതാ കൺസൾട്ടന്റ്). മരുമക്കൾ: കെ.എ. മാത്യു കണ്ടത്തിൽ (കൈപ്പുഴ, റിട്ട. കെഎസ്ആർടിസി), ജോയി കുന്നത്തു പടിഞ്ഞാറ്റിൻകര (മുൻ പഞ്ചായത്തംഗം, മുത്തോലി), കെ.ജെ. മാത്യു കുഴിപറമ്പിൽ കൈപ്പുഴ, വത്സമ്മ സജി കരിയാറ്റപ്പുഴ പേരൂർ, ബോബി പാവക്കുളം (പരുത്തുംപാറ).

ശ്രീകണ്ഠപുരം: പയ്യാവൂരിലെ റിട്ട. അധ്യാപകൻ യു.ടി.തോമസ് ഊരാളിൽ (68) അന്തരിച്ചു. ഭാര്യ: മേരി (തേരകത്തനാടിയിൽ കുടുംബാംഗം). മക്കൾ: ജൂബി (യു.കെ.), ജോളി (ചേരൻകുന്ന്), ജിൻസി, ജിൽസ് (ഇരുവരും മസ്ക്കറ്റ്). മരുമക്കൾ: ജോമി, വിൻസെന്റ്, ജോബി, ഷിൽജി. ശവസംസ്കാരം പിന്നീട്.

മോനിപ്പള്ളി:തേരാടിയേൽ പരേതനായ ഫിലിപ്പിന്റെ ഭാര്യ അന്നമ്മ (93) അന്തരിച്ചു. പെരുവ കൊല്ലപ്പള്ളി കുടുംബാംഗം. മക്കൾ: പെണ്ണമ്മ, ജോസ്, ഏലിയാമ്മ, സിസ്റ്റർ സ്കൊളാസ്റ്റിക്ക. മരുമക്കൾ: ജോസ് ആടുപാറയിൽ (പുറപ്പുഴ), ത്രേസ്യാമ്മ, ജോസ് കരിനാട്ടിൽ (പിറവം). സംസ്കാരം മോനിപ്പള്ളി തിരുഹൃദയ പള്ളി സെമിത്തേരിയിൽ നടത്തി.

മാന്നാനം: വടകര പരേതനായ ജോസഫിന്റെ മകൻ വി.ജെ. ജോസഫ് (കോശി53) അന്തരിച്ചു. സഹോദരങ്ങൾ: അന്നമ്മ, ചാക്കോ തോമസ്, കോര, മേരി, ത്രേസ്യാമ്മ, മോളി. അമ്മ: പരേതയായ ഏലിമ്മ (കൈപ്പുഴ കുളത്തിൽ കുടുംബാംഗം). ശവസംസ്കാരം മാന്നാനം സെന്റ് സ്റ്റീഫൻസ് പള്ളി സെമിത്തേരിയിൽ നടത്തി.

പയ്യാവൂർ: ഇല്ലിപൂത്തേട്ട് ജോൺ (ഓനൻ ചേട്ടൻ 62) അന്തരിച്ചു. ഭാര്യ: ചിന്നമ്മ. അപ്പോഴിപ്പറമ്പിൽ കുടുംബാംഗം. മക്കൾ:സാബു, ഫാ.ജോബി (വരാണസി രൂപതാ അംഗം), ജോഷി, പരേതയായ ഷീജ. മരുമകൾ: ദീപ്തി ഇടശ്ശേരിൽ (വെമ്പുവ). ശവസംസ്കാരം പയ്യാവൂർ സെന്റ് ആൻസ് ടൗൺ പള്ളി സെമിത്തേരിയിൽ നടത്തി.



തോട്ടറ: ചാക്കോ തെക്കേടത്ത് (50) നിര്യാതനായി. സംസ്ക്കാരം തോട്ടറ സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ നടത്തി. ഭാര്യ സാബി പിറവം ചക്കാലക്കൽ കുടുംബാംഗമാണ്. ഏകമകൻ അജിൽ എം.ബി.ബി.എസ്. വിദ്യാർത്ഥി.



കോട്ടയം: കീഴുക്കുന്ന് ചെരുവിൽ സി.എൽ. മാത്യുവിന്റെ മകൻ പ്രതീഷ് മാത്യു (31) അന്തരിച്ചു. അമ്മ കല്ലറ കളപ്പുരക്കൽ വത്സമ്മ. ശവസംസ്കാരം കിഴക്കേ നട്ടാശ്ശേരി ഹോളിഫാമിലി പള്ളി സെമിത്തേരിയിൽ നടത്തി.

മാറിക: സ്വാതന്ത്ര്യ സമരസേനാനിയും ദീർഘകാലം പഞ്ചായത്ത് മെംബറുമായിരുന്ന ആലതടത്തിൽ പരേതനായ മത്തായിയുടെ ഭാര്യ മേരി (88) നിര്യാതയായി. സംസ്കാരം മാറിക സെൻറ് ആൻറണീസ് പുത്തൻപള്ളി സെമിത്തേരിയിൽ നടത്തി. പരേത വഴിത്തല പനന്താനത്ത് കുടുംബാംഗമാണ്.



മക്കൾ: സ്റ്റീഫൻ മത്തായി (റിട്ട. കെ.എസ്.ഇ.ബി), അമ്മിണി (റിട്ട. ബി.എസ്.എൻ.എൽ), ജേക്കബ്, റൂബി (ടീച്ചർ ഗവ.സ്കൂൾ വയല). മരുമക്കൾ: ലിസി വെട്ടിക്കൽ തടിയമ്പാട്, സാലി താഴപ്പള്ളി രാമപുരം, തോമസ് ചിക്കാലക്കാട്ട് മാറിടം (ഹെഡ്മാസ്റ്റർ സെൻറ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ കിടങ്ങൂർ).



കിഴക്കേ നാട്ടാശേരി : ഫിലിപ്പ് എടാട്ട് (83) നിര്യാതനായി. സംസ്കാരം കിഴക്കേ നാട്ടാശേരി തിരുക്കുടുംബ പള്ളിയിൽ സെമിത്തേരിയിൽ നടത്തി . ഭാര്യ: അമ്മാൾ. മക്കൾ: സുധ, ഗെർലി, ആനി, ഷാജി, ബിജി,ലിസി, റീന, നൈനി. മരുമക്കൾ: ബേബി ചാഴിച്ചേരിൽ, തോമസ് വിരുത്തിക്കുളങ്ങര, ബാബു പല്ലാത്തറ, മിനി പുല്ലുകാട്ട്, ബിന്ദു കിടാരത്തിൽ, സാജൻ ഉറുമ്പിൽ, വിജു നടുകോട്ടിൽ, ലെനിൻ ഇല്ലിക്കാട്ടിൽ. ഫാ. മാത്യു എടാട്ട് സഹോദരനാണ്.

പുന്നത്തുറ ഈസ്റ്റ്: കടിയംപള്ളിൽ കെ.എം. കുര്യാക്കോസ് (78) നിര്യാതനായി. സംസ്കാരം പുന്നത്തുറ പഴയപള്ളി സെമിത്തേരിയിൽ നടത്തി. ഭാര്യ: ഏലിയാമ്മ നീണ്ടൂർ പൂതത്തിലായ ചങ്ങുംമൂലയിൽ കുടുംബാംഗം. മക്കൾ: മാത്തുക്കുട്ടി, ലൂക്കാച്ചൻ (കെഎസ്ബിസി, കിടങ്ങൂർ), ടോമി, ഫിലിപ്പ് (ഇറ്റലി). മരുമക്കൾ: ലിസി പ്ലാത്തോട്ടത്തിൽ (കിടങ്ങൂർ), ബെൻസി മുള്ളാനിൽ (റാന്നി), ലില്ലി കുളക്കാട്ട് (ഉഴവൂർ), ജിനി കളത്തിൽ (കല്ലറ), മനോജ് വട്ടക്കളം (തൊടുപുഴ).



കുറുപ്പന്തറ: കണ്ടാരപ്പള്ളിൽ കെ.ടി. ജോണി (69) നിര്യാതനായി. സംസ്കാരം സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ നടത്തി. ഭാര്യ: പുന്നത്തുറ തെക്കനാട്ട് വിജയമ്മ. മക്കൾ: ഷിനി, കവിത, ആശീഷ്. മരുമക്കൾ: റെനി കൂട്ടോത്തറ (പുനലൂർ), ജോണിക്കുട്ടി ശ്രാമ്പിച്ചിറ (എസ്എച്ച് മൗണ്ട്, കോട്ടയം), ദീപു.

## പാവനസ്മരണക്ക്



**ലൗലി സൈമൺ**

**പറമ്പേട്ട്, ഏറ്റുമാനൂർ**

**15 മാർച്ച് 2012**

**സന്തപ്ത കുടുംബാംഗങ്ങൾ**

## ഉപകാര സ്മരണ



ഉദ്ദിഷ്ട കാര്യം സാധിച്ചതിന്
ഉപകാര സ്മരണ
- ഒരു വിശ്വാസി -

## ഉപകാര സ്മരണ



ഉദ്ദിഷ്ട കാര്യം സാധിച്ചതിന്
ഉപകാര സ്മരണ
- ഒരു വിശ്വാസി -



## വിവാഹിതരായി



കല്ലറ വിരുതിക്കുളങ്ങര വി.എൽ. ജോസ്– ലീലാമ്മ ദമ്പതികളുടെ മകൻ **സുബിൻ ജോസും** കിടങ്ങൂർ ഇടമന കെ.എം. സൈമൺ – പരേതയായ ബ്രിജിത്ത് ദമ്പതികളുടെ മകൾ **ബിൻസി സൈമണും** 2012 ജനുവരി 26–ാം തീയതി കല്ലറ പുതിയപള്ളിയിൽ വച്ച് ആർച്ച് ബിഷപ്പ് ഏബ്രഹം വിരുതിക്കുളങ്ങരയുടെ ആശീർവാദത്തോടെ വിവാഹിതരായി


## എസ്.എച്ച് മൗണ്ടിൽ വീടും സ്ഥലവും വില്പനയ്ക്ക്



കോട്ടയം ടൗണിനടുത്ത് എസ്.എച്ച്. മൗണ്ട് ചൂട്ടുവേലി ജംഗ്ഷനിൽ എം.സി.റോഡ് മുൻവശമായുള്ള 10 സെന്റ് സ്ഥലവും 2000 സ്ക്വയർ ഫീറ്റ് രണ്ടു നില വീടും വില്പനയ്ക്ക്. പള്ളിയും, സ്കൂളും, ടൗണും വളരെയടുത്തുള്ള ഈ സ്ഥലത്തെപ്പറ്റി കൂടുതൽ അറിയുവാൻ വിളിക്കുക. ഫോൺ 1 408 244 1706 (യു.എസ്.എ.), 1 408 480 5484 (യു.എസ്.എ.)


# ക്നായി തോമയും ചെമ്പ് പട്ടയും കേരള ക്രൈസ്തവസഭാ ചരിത്രം ഇവിടെ തുടങ്ങുന്നു

ചരിത്രത്തെ വളച്ചൊടിക്കാൻ ആരു ശ്രമിച്ചാലും നടക്കില്ല. അത് ഒരിക്കൽ നമ്മൾ മനസിലാക്കും. ക്നായി തോമ എന്ന വിശുദ്ധന്റെ ചരിത്രം കേരള സഭയുടെ ചരിത്രമാണ്. നമ്മുടെ സഭ ഇപ്പോഴത്തെ അവസ്ഥയിൽ എത്തുന്നതിന് അടിസ്ഥാന പരമായ ശില പാകിയത് ക്നായി തോമയാണെന്ന് പ്രശസ്ത ബൈബിൾ ചരിത്രകാരനും കേരള ജയിൽ എ.ഡി.ജി.പിയുമായ അലക്സാണ്ടർ ജേക്കബ് ഐ.പി.എസ് പറയുന്നു. വിശ്വസനീയമായ ചരിത്ര സത്യങ്ങളുടെ അടിസ്ഥാനത്തിലാണ് ശാലോം ടി.വി യിലെ തന്റെ പ്രതിവാര പരിപാടിയിൽ ഇക്കാര്യം അദ്ദേഹം സൂചിപ്പിച്ചത്.



പ്രധാനമായും ആറ് കാര്യങ്ങളാണ് ക്നായി തോമയിലൂടെ ക്രൈസ്തവ സഭക്ക് നേടിയെടുക്കാനായത്. കേരളത്തിൽ ജാതി വ്യവസ്ഥ നിലനിന്നിരുന്നു. ഇതിൽ ക്രിസ്ത്യാനികൾ മുന്നോക്കകാരായിരുന്നു. ഈ സമയമാണ് ക്നായി തോമാ എന്ന കച്ചവടക്കാരന് നമ്മൾ കാണാത്ത 'ചെമ്പ് പട്ട' കിട്ടിയത്. ചെമ്പ് പട്ട കിട്ടിയതിനാലാണ് ജാതി വ്യവസ്ഥയിൽ ക്രിസ്ത്യാനികൾ മുന്നോക്കകാരായത്. ഇതിലൂടെ ക്രിസ്ത്യാനികൾക്ക് അധികാര അവകാശങ്ങൾ ലഭിച്ചിരുന്നു. ഇതിലൂടെ ബിസിനസ് ചെയ്യുകയും ബ്രാഹ്മണർക്കും രാജകൊട്ടാരങ്ങളിലും അതിന്റെ നേട്ടം കൊടുക്കുകയും ചെയ്തിരുന്നു.

ക്രിസ്ത്യാനി കൊടുക്കുമ്പോൾ തീണ്ടൽ തൊടീൽ ഉണ്ടായാൽ പിന്നീട് ഇത് ഉപയോഗിക്കാൻ കഴിയാതെ വരും. അതുകൊണ്ട് കേരളത്തിൽ ഒരു പഴമൊഴിയുണ്ടായി. 'തൈലാധി വസ്തുകൾ അശുദ്ധമായാൽ നസ്രാണി തൊട്ടാൽ അതു ശുദ്ധമാകും'. അങ്ങനെ തീണ്ടൽ തൊടീൽ ഇല്ലാത്ത സമുദായമായി ക്രിസ്ത്യാനി മാറി.

ഇതേ തുടർന്ന് പ്രസിദ്ധമായ കൊട്ടാരങ്ങളുടെ മുന്നിലും ഇല്ലങ്ങളുടെ മുന്നിലും ഒരു ക്രിസ്ത്യാനിയെ കൊണ്ടു ചെന്നു താമസിപ്പിച്ചിരുന്നു. തീണ്ടൽ തൊടീൽ മാറി കിട്ടാൻ വേണ്ടിയായിരുന്നു ഇത്. അങ്ങനെ എല്ലാ പട്ടണങ്ങളുടെ മുന്നിലും ഇല്ലങ്ങളുടെ മുന്നിലും ക്ഷേത്രങ്ങളുടെ മുന്നിലും ഒരു ക്രിസ്ത്യാനിക്ക് വീട് വച്ച് താമസിക്കാൻ അവസരം കിട്ടി. മുസ്ലിങ്ങളെ മ്ലേഛൻമാർ എന്ന് വിളിച്ച് മാറ്റി നിർത്തിയിരുന്നു. അവർക്ക് രാജകൊട്ടാരങ്ങളിൽ പ്രവേശനം നിഷേധിച്ചിരുന്നു. ജാതി വ്യവസ്ഥക്ക് അപ്പുറമായി നമ്പൂതിരി ഇല്ലങ്ങളിലും രാജകൊട്ടാരങ്ങളിലും കയറി ചെല്ലുവാൻ കഴിഞ്ഞത് ക്നായി തോമ നേടിയെടുത്ത പട്ടയങ്ങളിലൂടെയാണ്.

പിന്നീട് ഒരു വൈശ്യ സമുദായം കേരളത്തിൽ ഉണ്ടായില്ലന്നുള്ളത് ക്നായി തോമയുടെ ഒരു നേട്ടമാണ്. ക്ഷത്രീയ ജോലികൾ ചെയ്തിരുന്നത് നായൻമാരായിരുന്നു. യോദ്ധാക്കളായി നായൻമാർ രൂപാന്തരപ്പെട്ടു. എന്നാൽ വൈശ്യ സമുദായത്തിന്റെ ജോലികൾ തെക്കൻ കേരളത്തിൽ ക്രിസ്ത്യാനിയും വടക്കൻ കേരളത്തിൽ മുസ്ലിമുമായിരുന്നു ചെയ്തിരുന്നത്.

അതിനാൽ കേരളത്തിൽ ഒരു വൈശ്യ സമുദായം ഉണ്ടായില്ല.

അതിനാൽ തിരുവിതാംകൂറിൽ അടിസ്ഥാന മൂലധനം ഉണ്ടാക്കാനുള്ള അവസരം ക്രിസ്ത്യാനിക്ക് കിട്ടി. മലബാറിൽ മുസ്ലിമിന് കിട്ടിയിരുന്നു. എന്നാൽ ബ്രിട്ടീഷുകാർ മലബാർ പിടിച്ചെടുത്തപ്പോൾ മുസ്ലിങ്ങളുടെ സാമ്പത്തികമായ ഉന്നമനം ഇല്ലാതാക്കി. അതുകൊണ്ട് അവർ വിദ്യാഭ്യാസപരമായി ഉയർന്നില്ല. തിരുവിതാംകൂറിൽ അതല്ല സ്ഥിതി. അവർ സാമ്പത്തികമായി ഉയർന്നു.

പിന്നീട് ക്നായി തോമയുടെ കാലം മുതൽ ചരിത്രപരമായ ഒരു മാറ്റം ക്രിസ്ത്യൻ സമുദായം എല്ലാവരും ബഹുമാനിക്കുന്ന ഒരു സമുദായം ആയി മാറിയെന്നതാണ്. അതുകൊണ്ട് ക്രിസ്ത്യാനിക്ക് അവരുടെ പാരമ്പര്യങ്ങളും വിശ്വാസങ്ങളും സംരക്ഷിക്കാൻ പറ്റി. കൂടാതെ സാമൂഹ്യ മുന്നോക്കാവസ്ഥയിൽ നിലനിൽക്കാനും പറ്റി. വിദ്യാഭ്യാസം ചെയ്യാനുള്ള അവകാശം നമുക്ക് ലഭിച്ചത് ക്നായി തോമാക്ക് ശേഷമുള്ള സംഗതികളാണ്. ബ്രാഹ്മണരെ പോലെയും ക്ഷത്രിയരെ പോലെയും നാലു കെട്ടും എട്ടു കെട്ടും ഉണ്ടാക്കി ജീവിക്കാനുള്ള അവകാശം ക്രിസ്ത്യാനിക്ക് ലഭിച്ചു. ഇതു കൊണ്ട് മറ്റ് സമുദായങ്ങൾ ജാതി വ്യവസ്ഥയിൽ നിന്ന് മാറാനുള്ള ഉപകരണമായി ക്രിസ്ത്യൻ സമുദായത്തെ ഉപയോഗിച്ചു.

ബുദ്ധമതത്തിൽ നിന്ന് അടിച്ചമർത്തപ്പെട്ട ഈഴവരും എസ്.സി -എസ്.ടി കാരും ക്രിസ്തു മതത്തിലേക്ക് വന്നു. പതിനാറാം നൂറ്റാണ്ടിനു ശേഷം ക്രിസ്തുമതത്തിലേക്ക് വന്ന വരിൽ 90 ശതമാനവും എസ്.സി-എസ്.ടിക്കാരാണ്. ക്രിസ്തുമതത്തിലെ ഭൂരിപക്ഷം പേരും ഈഴവ സമുദായത്തിൽ നിന്ന് പരിവർത്തനം ചെയ്തു വന്നവരാണ്. പരിവർത്തനം ചെയ്തത് ജാതി വ്യവസ്ഥയിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയായിരുന്നു. കേരള ജനസംഖ്യയുടെ 20 ശതമാനം ക്രിസ്ത്യാനികൾ ആയെങ്കിൽ അതിന് അടിത്തറ ഇട്ടത് ക്നായി തോമ നേടിയെടുത്ത അവകാശങ്ങളാണ്. എല്ലാ മിഷനറിമാരെക്കാളും ക്രിസ്തുമതത്തിന് സ്ഥാനം ഉണ്ടാക്കി കൊടുത്തു.

മഹാനായ മിഷനറി ഫ്രാൻസിസ് സേവ്യറിന്റെ കാലത്ത് ഒരു പാട് പേർ പരിവർത്തനപ്പെട്ടങ്കിലും അവർ സ്ഥാനത്തോടെയല്ല പരിവർത്തനം ചെയ്തത്. അവർ ഇപ്പോഴും പീഡിതരായി കഴിയുകയാണ്. ക്രൈസ്തവ സഭക്ക് വിദ്യാഭ്യാസപരമായും സാമ്പത്തികമായും കൂടാതെ നല്ല ഒരു സിറിയൻ ലിറ്റർജിയും ഉണ്ടാക്കിയെടുക്കാൻ സാധിച്ചു. കൂടാതെ ലോകം മുഴവൻ അംഗീകരിക്കുന്ന ഒരു സമുദായം ആയി മാറുകയും ചെയ്തത് ക്നായി തോമയിലൂടെയാണ്. എന്നാൽ കത്തോലിക്ക സഭയും മറ്റു സഭകളും ക്നായി തോമയെ വിശുദ്ധനായി പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ യാക്കോബായ സിറിയൻ ഓർത്തഡോക്സ്സഭ ക്നായി തോമയെ വിശുദ്ധനായി പ്രഖ്യാപിച്ചിട്ടുണ്ട്.